# സാഫല്യം

ഒക്ടോബർ 2019
പുസ്തകം : 11 ലക്കം : 06 വില : 20 രൂപ

സാംസ്കാരിക മാസിക
PRESTIGIOUS CULTURAL MAGAZINE IN MALAYALAM



## അഴിമതിപാലവും മരട് ഫ്ളാറ്റും



ജി. രേഖ വേണുഗോപാൽ

# ശങ്കരി ജാസ്തി പേശാതെ

എത്ര പെട്ടെന്നാണ് അവധി ദിനങ്ങൾ കടന്നുപോയത്. പാറക്കുട്ടിയമ്മ മുറുക്കാൻ ചെല്ലം വളരെ ശ്രദ്ധിച്ച് അടച്ചു. അരികിലിരുന്ന് ഓലപ്പന്തുണ്ടാക്കുന്ന അപ്പുവിനോട് പറഞ്ഞു.

"അപ്പൂ, കുട്ടാ മോനിത് അച്ഛമ്മയുടെ മുറിയിൽ മുത്തശ്ശന്റെ ആട്ടുകട്ടിലിനരികിലുള്ള മേശമേൽ സൂക്ഷിച്ചുകൊണ്ടുവയ്ക്കൂ. താഴെ ഇടരുത് കേട്ടോ. മുത്തശ്ശന് ദേഷ്യം വരും."

അപ്പു വളരെ സൂക്ഷിച്ച് വെറ്റില ചെല്ലവുംകൊണ്ട് സാവധാനം പോയി.

"കുട്ടാ സൂക്ഷിച്ച്."

പാറുക്കുട്ടിയമ്മ വിളിച്ചു പറഞ്ഞു.

വൈകുന്നേരത്തോടെ എല്ലാവരും പോയി. മുരളിയും ലക്ഷ്മിയും അപ്പുവും താനും വീണ്ടും ഒറ്റയ്ക്കായി.

ശങ്കുപ്പിള്ള മരിച്ചിട്ട് രണ്ടു വർഷം കഴിഞ്ഞിരിക്കുന്നു. എല്ലാം ഇന്നലത്തെപ്പോലെ തോന്നുന്നു. എത്ര കർക്കശക്കാരനായിരുന്നാലും ആളുകൾ എന്തെല്ലാം തന്നെ പറഞ്ഞാലും തന്നെ പ്രാണനായിരുന്നു കുട്ടികളുടെ അച്ഛന്. "പാറൂട്ടി" എന്നു തികച്ചു വിളിക്കില്ല. ആ സ്നേഹത്തോടെയുള്ള വിളി കേൾക്കുമ്പോൾ താനെല്ലാം മറന്നുപോകും.

അതൊരു കാലം! തിരിച്ചുപിടിക്കാൻ ആവാത്ത സുന്ദരമായ കാലം!

കോയമ്പത്തൂരിൽ, റെയിൽവെയിൽ സ്റ്റേഷൻ മാസ്റ്റർ ആയിരിക്കെയാണ് അദ്ദേഹം വിരമിച്ചത്. ആ രണ്ടുവർഷം മാത്രമേ അകന്നിരുന്നിട്ടുള്ളൂ. ജോലി സംബന്ധമായി മാറ്റം കിട്ടുമ്പോൾകൂടെ തന്നെ കൊണ്ടുപോകാതിരുന്നിട്ടില്ല. കുട്ടികളെ തറവാട്ടിൽ നിർത്തുമായിരുന്നു.

എല്ലാം കഴിഞ്ഞില്ലേ. രണ്ടുവർഷം കുട്ടികളായി അവരുടെ കാര്യമായി. മുരളി മാത്രം തറവാട്ടിൽ നിന്നു. മൂന്നും

ആൺകുട്ടികൾ. ഒരു പെൺതരിയെ പോലും ഈശ്വരൻ തന്നില്ല. പെൺകുഞ്ഞുങ്ങളെ അദ്ദേഹത്തിന് ഏറെ ഇഷ്ടമായിരുന്നു. വിളിക്കാൽ ഈശ്വരന്മാരില്ല - യോഗമുണ്ടായില്ല.

മക്കൾക്കും എല്ലാം ആൺ സന്തതികൾ.

നമ്മൾ ആഗ്രഹിക്കുന്നതൊന്ന്, ഈശ്വരൻ തരുന്നതോ മറ്റൊന്ന്.

ബാങ്കിൽ ജോലിയുള്ള മൂത്തമകൻ മുരളിയും ഭാര്യയും അപ്പുവുമാണ് കൂടെയുള്ളത്..

പാറുക്കുട്ടിയമ്മ നീട്ടിയൊന്നു മുറുക്കിതുപ്പി. ഒരു ദീർഘനിശ്വാസമുതിർത്തു. തനിക്കും കുട്ടികളുടെ അച്ഛനും ഭക്ഷണം കഴിഞ്ഞാൽ മുറുക്കുന്നത് ഒരു ശീലമാണ്.

വിവാഹ പിറ്റേന്ന് രാത്രിയിലാണ് താൻ ആദ്യമായി മുറുക്കുന്നത്. തന്നെക്കൊണ്ട് നിർബന്ധപൂർവം മുറുക്കിപ്പിക്കുകയായിരുന്നു. താനോ, സ്നേഹമസൃണമായ ആ നിർബന്ധത്തിന് സ്നേഹത്തോടെ വിധേയമാവുകയും.

പാറുക്കുട്ടിയമ്മയുടെ ചിന്തകൾ പഴയ നാളുകളിലേക്ക് ഒരു നവവധുവിന്റെ നാണത്തോടെ ഊളിയിട്ടുപോയി.

എത്രനേരമങ്ങിനെ ഇരുന്നുവെന്നറിയില്ല. "പാറുക്കുട്ടീ" എന്ന ഒരലർച്ച കേട്ടാണ് സ്ഥലകാലബോധമുണ്ടായത്.

കുട്ടികളുടെ അച്ഛന്റെ ശബ്ദമല്ലേ? ഞെട്ടി വിറച്ചുപോയി.

"പാറുക്കുട്ടി, വേലൂ, ആരുമില്ലേ ഇവിടെ?" വീണ്ടും കേട്ടു അലർച്ച.

പറമ്പിൽ എന്തോ കാര്യമായി ചെയ്യുകയായിരുന്നു കാര്യസ്ഥൻ വേലായുധൻ നായർ ഓടിക്കിതച്ചെത്തി.

പാറുക്കുട്ടിയമ്മയിൽ നിന്നും വാക്കുകൾ മുറിഞ്ഞുമുറിഞ്ഞു വീണു.

"വേലൂ.... കേട്ടുവോ... അദ്ദേഹം..."

"ഞാനും കേട്ടു. സ്വപ്നമാണോ എന്ന് ശങ്കിച്ചു ആദ്യം . പിന്നെയും..."

വേലു സാവധാനം അറിയിച്ചു.

"വേലൂ, വായ് കഴുകുവാൻ മൊന്തയിൽ കുറച്ചു വെള്ളം കൊണ്ടുവാ. കൈ തുടക്കാൻ എന്റെ തോർത്തു. വേഗം."

വേലു അന്തം വിട്ടു നിന്നു.

ശബ്ദം തെക്കിനിയിലെ തന്റെ കിടപ്പുമുറിയിൽ നിന്നാണെന്ന് പാറുക്കുട്ടിയമ്മയ്ക്ക് മനസ്സിലായി.

വീട്ടിൽ താനും വേലുവും അപ്പുവും മാത്രമേയുള്ളൂ. എന്തു ചെയ്യും?

മുരളിയും ലക്ഷ്മിയും ശേഖരനേയും ഭാര്യ സുമയേയും കുട്ടികളെയും സ്റ്റേഷനിൽ കൊണ്ടുവിടാൻ പോയിരിക്കയും.

പാറുക്കുട്ടിയമ്മ പകച്ചു. എവിടെ അത്? ഏതായാലും ശബ്ദം കേട്ട ഭാഗത്തേക്കു പോകാം. അല്ലാതെന്തു ചെയ്യാൻ? പാറുക്കുട്ടിയമ്മ ഭയപ്പാടോടെ നിശ്ചയിച്ചു.

"വേലൂ, എന്റെ മുറിയിൽ നിന്നാണ് ശബ്ദം. നമുക്കൊന്നു പോയി നോക്കിയാലോ?"

"ശരി, എന്റെ ഭഗവതി, കാത്തുകൊള്ളണേ." വേലു മന്ത്രിച്ചു.

മുറിയ്ക്കടുത്തെത്തിയപ്പോൾ പാറുക്കുട്ടിയമ്മ ആകെ വിയർത്തു. ഒരു ശബ്ദവും ഇപ്പോഴില്ല. പക്ഷെ ആട്ടുകട്ടിൽ ആടുന്ന ശബ്ദം കേൾക്കാം.

മുറിക്കുള്ളിൽ കടന്നപ്പോൾ കണ്ട കാഴ്ച അവരെ അമ്പരപ്പിച്ചു.

ആട്ടുകട്ടിലിൽ അപ്പു തലയ്ക്കു കൈകൊടുത്ത് ചാരിക്കിടക്കുന്നു. വായിൽ മുറുക്കാനുണ്ട്. ചവയ്ക്കുന്നുമുണ്ട്. ഒരു നിമിഷം. അവരുടെ ചങ്കിടിപ്പ് നിലച്ചതുപോലെ തോന്നി. ആ കിടപ്പ് ആരെയോ തന്നെ ഓർമ്മിപ്പിക്കുന്നില്ലേ? നിശ്ചലയായി ഒരക്ഷരം ശബ്ദിക്കുവാൻ ശക്തിയില്ലാതെ അവർ നിന്നു.

വായ് പൊളിച്ച് ഭയചകിതനായി വേലുവും.

"എന്താ വേലു, വിളിച്ചതും പറഞ്ഞതും കേട്ടില്ല എന്നുണ്ടോ? എവിടെ വെള്ളം?"

ആട്ടുകട്ടിലിൽ നിന്നാണ് അപ്പുവാണ് അങ്ങുന്നിന്റെ സ്വരത്തിലും ഭാവത്തിലും ചോദിക്കുന്നത്.

വേലുവിന് നാക്കെടുത്തൊന്നും മിണ്ടാൻ കഴിഞ്ഞില്ല.

"വേലു, എന്താ എന്നെക്കൊണ്ട് വീണ്ടും വീണ്ടും പറയിക്കണോ? എങ്...?"

"ഇതാ... കൊണ്ടുവന്നേ." എന്ന് വിക്കിവിക്കി പറഞ്ഞുകൊണ്ട് വേലു പിന്നാംപുറത്തെ കിണറ്റുഭാഗത്തേക്കോടി. തണുത്ത, ശുദ്ധമായ കുളിർമ്മയുള്ള വെള്ളമാണ് അവിടുത്തെ ശീലം ."

ഒരു സെക്കന്റെടുത്തില്ല. തേച്ചുമിനുക്കിയ പിച്ചളമൊന്തയിൽ വെള്ളവുമായി വേലു ഓടി തിരിച്ചെത്തി. ആട്ടുകട്ടിലിനടുത്തേക്കു നീങ്ങി.

"വേലു, ആ കോളാമ്പി കൂടെ ഇങ്ങെടുത്തോളൂ." വീണ്ടും അപ്പുവിന്റെ ആജ്ഞ.

വേലു 'പടാപടാ' മിടിക്കുന്ന ഹൃദയത്തോടെ കോളാമ്പിയും കൊണ്ടടുത്തുചെന്നു. ഓച്ഛാനിച്ചു നിന്നു. കോളാമ്പി

ആദ്യം കൊടുത്തു പതിവുപോലെ.

കോളാമ്പി മേടിച്ച് അതിലേക്ക് മുറുക്കാൻ ചവച്ചത് തുപ്പി. പിന്നീട് മൊന്തയിലെ വെള്ളം മേടിച്ച് വായ്ക്കുകുളിച്ച് തുപ്പി. എന്നിട്ട് ബാക്കിയുള്ള വെള്ളം, തലയുയർത്തിപ്പിടിച്ച് 'ഗ്ളഗ്ള' ശബ്ദത്തോടെ കുടിച്ചു. മൊന്ത തിരിച്ചു കൊടുത്തു. കൊടുത്ത തോർത്തുകൊണ്ട് മുഖം തുടച്ചു.

എല്ലാം ശങ്കുപ്പിള്ള അദ്ദേഹം പറയുന്നതും ചെയ്യുന്നതും പോലെതന്നെ.

"ആട്ടെ വേലു നീയിപ്പോൾ കുറച്ചു നന്നായിട്ടുണ്ടല്ലോ. ജോലിയെല്ലാം കുറവാണല്ലേ? അല്ലാ, നമ്മുടെ അല്ല നിന്റെ തങ്കം എന്തു പറയുന്നു? അവളെ കണ്ടിട്ടേറെയായി. ഞാനടുത്തു തന്നെ അവളെ കാണാൻ വരുന്നുണ്ടെന്ന് പറയണം." വേലുവിനെ നോക്കി ഒരു കള്ളച്ചിരിയോടെ അപ്പു പറഞ്ഞു.

പരിഭ്രമിച്ച് വേലു പാറുക്കുട്ടിയമ്മയെ ഒളിക്കണ്ണിട്ടൊന്നു നോക്കി.

അവർ നിന്ന അതേ നില്പാണ്. അനങ്ങുവാനോ ഉരിയാടാനോ ആകാതെ.

"ശരി, നീ പൊയ്ക്കോളൂ. ഞാനൊന്നു മയങ്ങട്ടെ." അപ്പു പറഞ്ഞു.

കേട്ട പാതി കേൾക്കാത്ത പാതി വേലു ആദ്യം ചാടി മുറിയ്ക്കു പുറത്തേക്ക്. പിറകെ പാറുക്കുട്ടിയമ്മയും. അവർ ഒരു സ്വപ്നാടകയെപ്പോലെ നടന്ന് വരാന്തയിലെത്തി.

എങ്ങിനെയെങ്കിലും മുരളി ഒന്നു വന്നു കിട്ടിയാൽ മതിയായിരുന്നു. പാറുക്കുട്ടിയമ്മ ആഗ്രഹിച്ചു.

തങ്കയെക്കുറിച്ചുള്ള പരാമർശം പാറുക്കുട്ടിയമ്മ എങ്ങിനെ എടുക്കും? വേലു വേവലാതിപ്പെട്ടു.

രണ്ടുപേരും അവരവരുടെ ചിന്തകളുടെ ചുഴിയിൽ പെട്ട് ഭീതിയോടെ വരാന്തയിലിരുന്നു.

കാറിന്റെ ശബ്ദം അവയ്ക്ക് വിരാമമിട്ടു.

മുരളി കാറിൽ നിന്നിറങ്ങേണ്ട താമസം പാറുക്കുട്ടിയമ്മ ഓടി അരികിലെത്തി.

"മോനേ, നീ എന്തേയിത്ര വൈകി? അറിയുമോ? ഇവിടെ..." പാതി വിങ്ങിപ്പൊട്ടി അവർ കാര്യമെല്ലാം ഒരുവിധം പറഞ്ഞൊപ്പിച്ചു.

വേലുവും കൂടെ ഇടയ്ക്കിടെ വിട്ടുപോയത് പൂരിപ്പിക്കുവാൻ മറന്നില്ല.

മുരളിയും ഭാര്യയും ധൃതിയിൽ വീട്ടിനകത്തേക്കു കടന്ന് തെക്കിനിയിലെത്തി. അവിടെ കിടപ്പുമുറിയിലെ ആട്ടുകട്ടിലിൽ നല്ല ഉറക്കത്തിലാണ് അപ്പു.

മുരളി ഓടിച്ചെന്ന് അപ്പുവിനെ വാരിയെടുത്തു.

അച്ഛന്റെ കഴുത്തിൽ കെട്ടിപ്പിടിച്ച് തോളിൽ തലചേർത്ത് അപ്പു പാതി മയക്കത്തിൽ വിളിച്ചു.

"അച്ഛാ"

അത്ര സ്പഷ്ടമല്ലാതെ തുടർന്നു തിരക്കി.

"അച്ഛൻ വന്നോ?"

അപ്പുവിനെ ഇരിപ്പുമുറിയിലെ ചെറിയ കോസടിയിൽ കിടത്തി. ലക്ഷ്മി മകന്റെ അരികിൽ അവനെ തലോടി പരിഭ്രാന്തിയോടെ ഇരുന്നു. എന്തു പറയണം, എന്തു ചെയ്യണം എന്നൊരു രൂപവുമില്ലാതെ, പകച്ച്.

"മുരളിയേട്ടാ, മോനെ ഇവിടെ നിന്ന് മാറ്റണം നമുക്ക്. എന്റെ അച്ഛനോടു പറഞ്ഞ് നമുക്ക് പട്ടണത്തിലൊരു വീടെടുത്ത് മാറാം. അതാവും എന്തുകൊണ്ടും നല്ലത്." അവളുടെ മനസ്സിലെ പരിഭ്രമം പുറത്തുചാടി.

"എല്ലാറ്റിനുമൊരു വഴി നമുക്ക് കണ്ടുപിടിക്കാം. വിഷമിക്കാതെ." മുരളി ആശ്വസിപ്പിച്ചു.

"അമ്മ കരയാതെ, ഞാനില്ലേ എല്ലാറ്റിനും." മുരളി അമ്മയുടെ അടുത്തെത്തി സമാശ്വസിപ്പിച്ചു.

"അമ്മ അറിയുമല്ലോ ഡോക്ടർ രമേശിനെ. ഞാനൊന്നു വിളിച്ചു സംസാരിക്കട്ടെ. എല്ലാം ശരിയാകും." മുരളി ഉറപ്പുനൽകി.

വിശേഷിച്ചൊന്നും സംഭവിക്കാതെ രണ്ടു ദിനങ്ങൾ കടന്നുപോയി. അപ്പു അവന്റെ കുസൃതികളും കളിയും ചിരിയുമായി നടന്നു.

സന്ധ്യാസമയത്ത് അച്ഛമ്മയുടെ കൂടെയിരുന്നുള്ള നാമജപവും രാവിലെ അവനു നിർബന്ധമുള്ള ക്ഷേത്രത്തിൽ പോകവും കഥ പറച്ചിലും തൊടിയിലും പറമ്പിലും വേലുവുമൊത്തുള്ള സവാരികളും. എല്ലാം സാധാരണ നിലയിലായി. എല്ലാവരുടേയും ശ്വാസം ഒന്നു നേരെ വീണു.

പക്ഷെ പാറുക്കുട്ടിയമ്മയുടെ മനസ്സിൽ അരുതാത്തതെന്തോ സംഭവിക്കുവാൻ പോകുന്നു എന്നൊരു തോന്നൽ തങ്ങിനിന്നു. മനസ്സിലെ കാർമേഘം നീങ്ങിയിരുന്നില്ല. പെയ്തൊഴിയാത്ത വിങ്ങലാകുമോ? എന്തോ. അവർ പ്രാർത്ഥനയിൽ സ്വസ്ഥത കണ്ടെത്താൻ ശ്രമിച്ചു.

"അമ്മേ ഭഗവതി, കാത്തുകൊള്ളണേ. അപ്പുവിനൊന്നും വരുത്തല്ലേ."

ഡോക്ടർ രമേശിനെ കാണുവാൻ പോയ മുരളി അമ്മയുടെ അരികിലെത്തി പറഞ്ഞു.

"അമ്മേ വിഷമിക്കേണ്ടതായി ഒന്നുമില്ല. ഇങ്ങനെയൊരു മാനസികമായ രീതിയിലൊരു മാറ്റം ചിലപ്പോൾ ചിലർക്ക് ഉണ്ടാകാം. വേറെ കുഴപ്പമൊന്നുമില്ല. എല്ലാവരും കൂടിയിരുന്ന് അച്ഛനെപ്പറ്റിയെല്ലാം സംസാരിക്കുന്നത് അവന്റെ മനസ്സിൽ പതിഞ്ഞുകാണണം. അതാണം അവന്റെ പെരുമാറ്റത്തിലുള്ള വ്യത്യാസത്തിനു കാരണം. ഒട്ടും ഭയപ്പെടേണ്ട കാര്യമില്ലെന്ന് രമേശ് പറഞ്ഞിട്ടുണ്ട്."

എല്ലാവരും ആശ്വസിച്ചെങ്കിലും പാറുക്കുട്ടിയമ്മയുടെ മനസ്സിലെ അസ്വസ്ഥത നീങ്ങിയില്ല.

ഒരുനാൾ എല്ലാവരും അത്താഴമെല്ലാം കഴിഞ്ഞ് വരാന്തയിൽ ഓരോന്നു പറഞ്ഞിരിക്കുമ്പോൾ

"പാറുക്കുട്ടി, വിശറി എവിടെ? എവിടെ എന്റെ വിശറി?"

ഉച്ചത്തിലുള്ള ചോദ്യം കേട്ട്, കൈയിലെ വെറ്റില ചുരുട്ടിയത് വായിലേക്കിട്ട് മുറുക്കുവാൻ തുടങ്ങുകയായിരുന്ന പാറുക്കുട്ടിയമ്മ അങ്ങിനെതന്നെ ഒരു പ്രതിമ കണക്കെ ഇരുന്നുപോയി.

ലക്ഷ്മി, മുരളിയുടെ കൈയിൽ മുറുകെപ്പിടിച്ച് പേടിച്ചരണ്ട് മുഖത്തേക്കു നോക്കി. മുരളി ഇതികർത്തവ്യമൂഢനായി അച്ഛന്റെ ചൂരൽപാകിയ ചാരുകസേരയിലേക്കിരുന്നു. ആകെ നിശബ്ദത.

നിശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് വീണ്ടും കേട്ടു ആ കനത്ത ശബ്ദം.

"പാറുക്കുട്ടിയമ്മേ."

കോപം ഏറുമ്പോൾ മാത്രം ശങ്കുപ്പിള്ള വിളിക്കാറുള്ള മുഴുവൻ പേരുവിളിച്ചുള്ള അലർച്ച. എല്ലാവരും ഒന്നു നടുങ്ങി. തരിച്ചു ഒരു നിമിഷം നിന്നു. എല്ലാവരും കിടപ്പുമുറി ലക്ഷ്യമാക്കി ഓടി.

മുറിയ്ക്കകത്ത് ആട്ടുകട്ടിലിൽ അപ്പു കൈ തലയ്ക്കുകൊടുത്ത് ചാരിക്കിടക്കുന്നു. വായിൽ മുറുക്കാനുമുണ്ട്. ചവയ്ക്കുന്നുമുണ്ട്. എല്ലാവരേയും ഒന്നിച്ചുകണ്ടതിലുള്ള അസഹ്യതയും അമർഷവും മുഖത്ത് പ്രകടമാണ്.

പാറുക്കുട്ടിയമ്മയെ കണ്ട് അവരുടെ നേരെ തിരിഞ്ഞു.

"എന്താ പാറുക്കുട്ടിയമ്മേ, എന്റെ വിശറി എവിടെ?"

പാറുക്കുട്ടിയമ്മയുടെ കണ്ണുകൾ ആട്ടുകട്ടിലിൽ അപ്പുവിനരുകിൽ തുറന്നു വെച്ചിരിക്കുന്ന വെറ്റിലചെല്ലത്തിൽ ഉടക്കി. താൻ കുറച്ചുമുമ്പ് വെറ്റില ചുരുളുകൾ തയ്യാറാക്കി പതിവിൻ പടി കുട്ടികളുടെ അച്ഛനുള്ളത് അവിടെ കൊണ്ടുപോയി വച്ചതാണ്. അതിലെ വെറ്റില ചുരുൾ കാണുന്നില്ല.

മുരളി വിളിച്ചു.

"അപ്പൂ, മോനേ."

പൊടുന്നനെ ആട്ടുകട്ടിൽ നിശ്ചലമായി. കിടന്നിരുന്ന അപ്പു എഴുന്നേറ്റിരുന്നു. കാലിന്മേൽ കാൽകയറ്റി വെച്ചു. മുഖത്തൊരു ഭാവമാറ്റവും കൂടാതെ പറഞ്ഞു.

"എല്ലാവരും എന്തായിവിടെ? ഞാൻ എന്റെ പാറുക്കുട്ടിയെ മാത്രമല്ലേ വിളിച്ചുള്ളൂ. ആർക്കും ഇവിടെ ഒന്നും ചെയ്യാനില്ല. പോകൂ. ഉം പോകാൻ."

എന്നിട്ട് പാറുക്കുട്ടിയമ്മയെ നോക്കി പറഞ്ഞു:

"പാറുക്കുട്ടി, എന്താ വിശറി നോക്കിയെടുക്കാൻ സഹായത്തിനായി കൂട്ടിയതാണോ ഇവരെയൊക്കെ. ഏങ്...?"

എന്തു ചെയ്യണമെന്നറിയാതെ മറ്റുള്ളവർ മുറിക്കു പുറത്തേക്കിറങ്ങി.

പഴയ ഡ്രെസിംഗ് ടേബിളിന്റെ മുകളിൽ ഇന്നും സൂക്ഷിച്ചു വെച്ചിരുന്ന അദ്ദേഹത്തിന്റെ വിശറി പൊടിതട്ടി എടുത്തുകൊണ്ട് പാറുക്കുട്ടിയമ്മ ഇടർച്ചയോടെ പറഞ്ഞു.

"ഞാൻ... അത്... വിശറി ..."

അവരെ മുഴുവനാക്കാൻ സമ്മതിക്കാതെ കുറച്ചടക്കത്തിൽ ഒരു ചെറുചിരിയോടെ ഒരു കണ്ണിറുക്കി, പ്രേമവായ്പോടെ പതുക്കെ ശങ്കുപിള്ള പറഞ്ഞു:

"ശങ്കരി, ജാസ്തി പേശാതെ... കൊന്നുപേട്ടുവേൻ...വാ ...."

പാറുക്കുട്ടിയമ്മ നിന്ന നിലയിൽ വിയർത്തു. മുരളിയുടെ സ്നേഹിതൻ ഡോക്ടർ രമേശ് എന്തൊക്കെ വിശദീകരണം നൽകിയാലും ഇതിനെന്തുത്തരം പറയും.

വളരെ രഹസ്യമായി തന്നെ വിളിക്കാറുള്ള ആ ഓമനപ്പേര് 'ശങ്കരി' അപ്പുവിനെങ്ങിനെ അറിയാൻ കഴിഞ്ഞു? കോയമ്പത്തൂരിലെ വാസം കൊണ്ട് ഇടയ്ക്കിടെ ഉപയോഗിക്കാറുണ്ടായിരുന്ന തമിഴ് ഭാഷാപ്രയോഗത്തിനും എങ്ങിനെ മറുപടി കണ്ടെത്താനാവും?

"അമ്മേ മഹാമായേ! എന്റെ കുട്ടിയെ കാക്കണേ..." അവർ അറിയാതെ വിതുമ്പി.

കെട്ടുകഥകൾക്കപ്പുറമുള്ള കാണാപ്പുറങ്ങൾ ആരുണ്ടറിയുന്നു! ■